പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6201

08.07.2014 - ലെ മറുപടിക്ക്

## സൂപ്പർന്യൂമററി തസ്തികയിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം സൂപ്പർന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം ഒരു വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി. മാരുടെയും ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി.മാരുടെയും സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

**(എ) യും (ബി) യും**

സർക്കാർ സർവ്വീസിൽ വിവിധ ആവശ്യങ്ങൾക്കായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാറുണ്ട്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരാകുന്നവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് വ്യത്യസ്ത മാനദണ്ഡങ്ങളാണ് അവലംബിക്കുന്നത്. സൂപ്പർ ന്യൂമററി തസ്തികകളിൽ ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

2